**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 195 — 04.10.2016- ൽ മറുപടിക്ക്

## വിപണി ഇടപെടലിന് കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി**<br>**,, ബി.സത്യൻ**<br>**,, വി.അബ്ദുറഹിമാൻ**<br>**,, കെ.ദാസൻ** | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ കാലത്തേതിൽ നിന്നും വ്യത്യസ്തമായി ഈ വർഷം ഓണക്കാലത്ത് വില നിയന്ത്രിക്കാനായി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (എ) | ഈ വർഷം ഓണക്കാലത്ത് വില നിയന്ത്രിക്കാനായി സഹകരണ വകുപ്പ് കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 സെപ്റ്റംബർ 4 മുതൽ 13 വരെയുള്ള (അത്തം മുതൽ ഉത്രാടം വരെ) പത്ത് ദിവസങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 2012 ഓണം വിപണികൾ നടത്തി. പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ഓണ വിപണി നടത്തുന്നതിനായി മുഖ്യമായും ചുമതലപ്പെടുത്തിയിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 1785 ഓണചന്തകൾ ആരംഭിച്ചു. 208 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും 19 സഞ്ചരിക്കുന്ന ത്രിവേണി വിൽപ്പന ശാലകളിലും, സബ്സിഡി സാധനങ്ങൾ ലഭ്യമാക്കിയും ഓണച്ചന്തകൾക്കാവശ്യമായ 39 ഇനം സാധനങ്ങൾ ഓണ വിപണികളിൽ വിൽപ്പനയ്ക്കായി സജ്ജമാക്കിയിരുന്നു. 13 ഇനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലാണ് സബ്സിഡി അനുവദിച്ചിരുന്നത്. ഇതു കൂടാതെ സബ്സിഡിയില്ലാതെ എഫ്.എം.സി.ജി (Fast Moving Consumer Goods) ഇനങ്ങൾ ഉൾപ്പെടെ 26 ഇനങ്ങൾ വിപണിയിൽ വിൽപ്പന നടത്തിയിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ ഗണ്യമായ |

| | | | |
|---|---|---|---|
| | | | വിലക്കുറവിലാണ് ഈ ഇനങ്ങൾ പ്രാഥമിക സംഘങ്ങൾ വഴി ഓണ ചന്തകളിലൂടെ ലഭ്യമാക്കിയത്. |
| (ബി) | ഉത്സവ കാലത്തും അല്ലാത്ത സമയത്തും വിപണി ഇടപെടൽ ശക്തമാക്കി വിലക്കയറ്റം പിടിച്ചു നിർത്താനായി കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ: | (ബി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളുടെ ഒരു ശൃംഖല ശക്തിപ്പെടുത്തിയും, ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിച്ചും, ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം എത്തിച്ചും, ഇ-ടെൻഡർ സംവിധാനം ഫലപ്രദമാക്കിയും, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വർക്കിംഗ് ക്യാപിറ്റൽ എന്ന നിലയ്ക്ക് ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും, ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനം രൂപവത്കരിച്ചും, ഗോഡൗണുകളുടെ ശൃംഖല രൂപവത്കരിച്ചും, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട് ആന്റ് വെജിറ്റബിൾ പ്രമോഷൻ കൗൺസിൽ എന്നിവരുമായി ഒത്ത് ചേർന്ന് പ്രവർത്തിച്ചും ഉത്സവകാലത്തും അല്ലാത്ത സമയത്തും, വിപണി ഇടപെടൽ ശക്തമാക്കി വിലക്കയറ്റം പിടിച്ചു നിർത്താൻ കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | മുൻ ഭരണ സമിതിയുടെ കാലത്തുണ്ടായ അനാവശ്യ ചെലവുകളും ധൂർത്തും അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കൺസ്യൂമർഫെഡിൽ അധികമായി ദിവസവേതനത്തിൽ നിയോഗിച്ചിരുന്ന ഏകദേശം 2500-ഓളം ജീവനക്കാരുടെ സേവനം ഒഴിവാക്കുന്നതിനും, വിവിധ ഗോഡൗണുകളിൽ നശിച്ച് കെട്ടിക്കിടക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനും, അനാവശ്യമായ ഗോഡൗണുകളും, ഓഫീസുകളും ഒഴിവാക്കുന്നതിനും ഉപയോഗപ്രദമല്ലാത്ത വാഹനങ്ങളും കേടുപാടായ വാഹനങ്ങളും ലേലം ചെയ്ത് വിൽക്കുന്നതിനും, കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ പർച്ചേയ്സിന്റെ കാര്യത്തിലുണ്ടാകുന്ന ധൂർത്തും അഴിമതിയും ഒഴിവാക്കുന്നതിനും, പർച്ചേയ്സ് നടപടിക്കായി |

| | | | |
|---|---|---|---|
| | | | ഇ-ടെൻഡർ സംവിധാനം ഫലപ്രദമാക്കിയും, കേന്ദ്രീകൃത നിയന്ത്രണ സംവിധാനം കൊണ്ടുവരുന്നതിനും, കൺസ്യൂമർഫെഡിന്റെ വിവിധതലങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരെ ഉത്തരവാദിത്തങ്ങളും, ചുമതലകളും ഏൽപ്പിച്ച് ഘടനാ സംവിധാനത്തിന് രൂപം നൽകിയും, മുൻഭരണ സമിതിയുടെ കാലത്തുണ്ടായ അനാവശ്യ ചിലവുകളും ധൂർത്തും അവസാനിപ്പിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ